# ശതാരവം

## ഡിജിറ്റൽ മാഗസിൻ



## ലിറ്റിൽ കൈറ്റ്സ്

### ജി എച്ച് എസ് എസ് പെരിങ്ങോളം

# ലിറ്റിൽ കൈറ്റ്സ്

## 2023 - 2026

GHSS PERINGOLAM

# ആമുഖം

അകലങ്ങളൊന്നും അകലങ്ങളല്ലാത്ത ഈ ഡിജിറ്റൽ യുഗത്തിൽ, ആസ്വാദനത്തിന്റെ പുതിയ പുതിയ ആരവങ്ങളുയർത്താനുള്ള ശ്രമമാണ് ഞങ്ങളുടെ മാഗസിൻ 'ശതാരവം'. ഉള്ളടക്കത്തിലെ വൈവിധ്യത്തിലൂടെ വായനക്കാരോട് നീതി പുലർത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പുതിയ അറിവ് നേടാനും ഒരുമയുടെ നല്ല പാഠങ്ങൾ പഠിക്കാനും ഈ പ്രവർത്തനം ഞങ്ങളെ സഹായിച്ചിട്ടുണ്ട്. വിദ്യാലയത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന വേളയിൽ, ഇങ്ങനെയൊരു പ്രവർത്തനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത് ഞങ്ങളുടെ ഭാഗ്യമാണ്. ഒരു നാടിന്റെ വളർച്ചയിൽ നാഴികക്കല്ലായി തലയുയർത്തി നിൽക്കുന്ന പെരിങ്ങോളം ഗവ: ഹയർസെക്കണ്ടറി സ്ക്കൂളിന്റെ ഭാഗമായിരുന്നവർക്ക്, ഇവിടെ നിന്നും പടിയിറങ്ങിപ്പോയവർക്ക്, ഈ സ്ഥാപനത്തെ സ്നേഹിക്കുകയും ഇതിന്റെ ഉയർച്ചക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക്...........എല്ലാവർക്കും ഞങ്ങളീ മാഗസിൻ സമർപ്പിക്കുന്നു.

**ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്**
**ജി എച്ച് എസ്എസ് പെരിങ്ങോളം**

CONTENT

08 രാത്രി - കവിത
ആദിയ കെ വി

10 കാറ്റിന്റെ കാവ്യം - കവിത
അശ്വതി

11 രണ്ടാം ജന്മം- കഥ
മുഹമ്മദ് റാഷിദ്

14 സെപ്തംബറിൽ നഷ്ടപ്പെട്ട സൂര്യൻ - കവിത
അഭിരാമി

15 തിരയും തീരവും പരസ്പരം പറഞ്ഞത്- കവിത
വൈഷ്ണ

18 റിയാന്റെ കിണർ-ആസ്വാദനക്കുറിപ്പ്
ഹിരൺ ബി

20 കൈയ്യൊപ്പ്- കഥ
വർഷ എസ് പി

24 കറുപ്പ്- കവിത
മുഹമ്മദ് എ ഐ




നമ്മുടെ വിദ്യാലയത്തിന്റെ നൂറാം വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്ന അവസരത്തിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ശ്രമഫലമായി തയ്യാറാക്കിയ 'ശതാരവം ' എന്ന ഡിജിറ്റൽ മാഗസിൻ നമ്മുടെ കുട്ടികളുടെ സർഗവാസനയുടെ അടയാളപ്പെടുത്തലാണ്. ഇതിന്റെ അണിയറശില്പികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

DAISAMMA C L
Principal, GHSS Peringolam



ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ശ്രമഫലമായി തയ്യാറാക്കിയ 'ശതാരവം ' എന്ന ഡിജിറ്റൽ മാഗസിൻ നമ്മുടെ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കലാപരമായ കഴിവുകളുടെ ബഹിർസ്ഫുരണമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നതോടൊപ്പം പെരിങ്ങോളത്തിന്റെ മണ്ണിൽ നിലയ്ക്കാത്ത വിജയാരവങ്ങളുയരട്ടെ എന്നാശംസിക്കുന്നു.

ASHA SINDHU V R
Headmistress, GHSS Peringolam



1925 ൽ സ്ഥാപിതമായ നമ്മുടെ സ്കൂൾ ഇന്ന് നൂറിന്റെ നിറവിൽ വന്നെത്തി നിൽക്കുകയാണ്.. ഒരുപാട് പരിമിതികളിൽ നിന്നുകൊണ്ട് ഉജ്ജ്വലമായ നേട്ടങ്ങൾ ഉണ്ടാക്കാൻ നാളിതു വരെ നമ്മുടെ സ്കൂളിനു സാധിച്ചിട്ടുണ്ട് എന്നുള്ളത് ശതാബ്ദി ആഘോഷ വേളയിൽ ഒരുപാട് അഭിമാനത്തോടെ ഓർക്കാൻ കഴിയുന്ന ഒരു വസ്തുതയാണ്. ഈ സ്കൂളിലെ ഒരു പൂർവ്വ വിദ്യാർത്ഥി എന്ന നിലയിലും ഇന്നീ സ്കൂളിന്റെ പി ടി എ പ്രസിഡന്റ് എന്ന നിലയിലും ഒരുപാട് അഭിമാനത്തോടെ ആണ് നമ്മുടെ സ്കൂളിന്റെ പ്രവർത്തനങ്ങളെ ഞാൻ നോക്കി കാണുന്നത്. ഈ അവസരത്തിൽ ഇനിയും ഒരുപാട് ഉയരങ്ങൾ കീഴടക്കാൻ നമ്മുടെ സ്കൂളിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം മാഗസിന്റെ പ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുകയും ചെയ്യുന്നു

സ്നേഹപൂർവ്വം

റഷീദ് പെരിങ്ങൊളം
പി ടി എ പ്രസിഡണ്ട്
ജി എച്ച് എസ് എസ് പെരിങ്ങൊളം



# രാത്രി

നിലാവിന്റെ നനുത്ത ചേലചുറ്റി നിൽക്കുന്ന
നിന്നെ പുൽകാൻ
നുറുങ്ങുവെട്ടവുമായി മിന്നാമിനുങ്ങും
നിന്റെ മൂകതയെ കവച്ചുവെക്കാൻ
സംഗീതമായി ചീവീടും
നേർത്ത കുളിർത്തെന്നലായി  പൂങ്കാറ്റും
മത്സരിക്കുമ്പോൾ,
ഭൂമിയെ പുണർന്നിരിക്കുന്ന രാവിനെ
ഒരല്പം കുശുമ്പോടെയല്ലാതെ
ആർക്ക്കാണാൻ കഴിയും?
ഇരുളിനെ പേടിക്കാതെ
പ്രകൃതിയെ ചേർത്തുപിടിക്കുമ്പോൾ
നീ രാത്രിയെന്ന ദേവതയെ കാണും
ഇരുട്ടിൻ മറവിൽ നിൻ
പുഞ്ചിരി കാണാൻ ദിനവും എത്തും ഞാൻ





**കവിത -ആദിയ കെ വി**
**വര- ദൃശ്യ**

# ശതപൂർണ്ണിമ



ഞാൻ ജോലിചെയ്യുന്ന പെരിങ്ങൊളം ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള ലോഗോ പ്രകാശനത്തിന് ഹെഡ്മിസ്ട്രസ്സിന്റെ നിർദ്ദേശപ്രകാരമാണ് ഞാൻ പങ്കെടുക്കുന്നത്. 3.30 ന് നടക്കുമെന്നറിയിച്ച പരിപാടിക്ക് അവിടെയെത്തുമ്പോൾ, പി.ടി.എ പ്രിതിനിധികളും നാട്ടുകാരും പൂർവ്വ വിദ്യാർത്ഥികളുമൊക്കെയായി ഒരുപാടു പേർ നേരത്തെ തന്നെ എത്തിച്ചേർന്നിട്ടുണ്ട്. ഒരു നാടിന്റെ വികാരമാണ് ഈ വിദ്യാലയം എന്ന് ആ ചടങ്ങ് എന്നെ ഓർമ്മിപ്പിച്ചു. 1925ൽ പെരിങ്ങൊളത്തെ ചക്കോടിയിൽ വീട്ടിലെ ശ്രീ രാവുണ്ണി നായരുടെ ഒഴിഞ്ഞു കിടന്നിരുന്ന വീട്ടിൽ, വെറും നാലു ക്ലാസുകളുമായി തുടങ്ങിയ വിദ്യാലയം, 100 വർഷങ്ങൾക്കിപ്പുറം, പ്രീപ്രൈമറി മുതൽ പ്ലസ് ടു വരെ ആയിരത്തിൽപ്പരം വിദ്യാർത്ഥികൾക്ക് അറിവ് പകരുന്ന വിദ്യാകേന്ദ്രമായി നിലകൊള്ളുന്നു. പെരിങ്ങൊളം അങ്ങാടിയുടെ ഹൃദയഭാഗത്ത് യു പി വിഭാഗവും, ടൗണിന്റെ തിരക്കുകളിൽ നിന്നകന്ന്, ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ ഹൈസ്കൂൾ ഹയർസെക്കന്ററി വിഭാഗവും പ്രവർത്തിക്കുന്നു.. തുടർച്ചയായ 100% എസ് എസ് എൽ സി വിജയവും എൽ എസ് എസ് , യു എസ് എസ്, എൻ എം എം എസ് സ്കോളർഷിപ്പ് വിജയങ്ങളും പഠനമികവുകളാകുമ്പോൾ സയൻ സ് സബ്ജില്ലാ ഓവറോൾ കിരീടം, സോഷ്യൽ സയൻസ് റണ്ണർ അപ്, അറബിക് കലാമേള ഓവറോൾ കിരീടവുമെല്ലാം പാഠ്യേതരമികവുകളാകുന്നു. പാഠപുസ്തകപഠനം മാത്രമല്ല, സ്നേഹത്തിന്റെയും ഒരുമയുടേയും പരസ്പര സഹകരണത്തിന്റെയും നല്ല പാഠങ്ങൾ കൂടി ജീവിതത്തിൽ പകർത്തിയതിവിടെ നിന്നാണ് എന്ന് വിളിച്ചോതുന്ന തരത്തിലായിരുന്നു അവിടെയെത്തിയവരുടെ പെരുമാറ്റം. നാളുകൾക്കുശേഷം കണ്ടുമുട്ടിയ സന്തോഷത്തിൽ സെൽഫിയെടുക്കുന്നവരെ കണ്ടപ്പോൾ ഞാനെന്റെ വിദ്യാലയത്തെ ഓർത്തുപോയി. ആ മുറ്റത്തെത്തുന്ന നിമിഷം, ഞാനാ പഴയ കുട്ടിയാകും. ഇഷ്ടം പോലെ ബസുകളൊന്നുമില്ലാതിരുന്ന കാലത്ത്, കാടിനു നടുവിലൂടെയുള്ള കല്ലിട്ട റോഡിലൂടെ മണിക്കൂറിലധികം ഓടിയും നടന്നും സ്കൂളിലെത്തിയിരുന്ന കാലത്ത്, റോഡരികിലെ ഞാവൽപ്പഴങ്ങൾക്കെന്ത് രുചിയായിരുന്നു. ഓർമ്മകളുറങ്ങിക്കിടക്കുന്ന ഈ മണ്ണിൽ ഇവരും ഞാവൽമരം അന്വേഷിക്കുന്നുണ്ടാവുമോ.....ശതാബ്ദിയാഘോഷം ഗംഭീരമാക്കുന്നതിനുള്ള ചർച്ചയിൽ പങ്കെടുത്തു മടങ്ങുമ്പോൾ, മനസ്സു നിറഞ്ഞിരുന്നു. തലമുറകളുടെ വിജയഗാഥയ്ക്ക് സാക്ഷ്യം വഹിച്ച് പെരിങ്ങൊളത്തിന്റെ സ്വന്തമായി ഈ വിദ്യാലയം തലയുയർത്തി നിൽക്കട്ടെ......എന്നും.



**ഷീന എ കെ**
**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്**

# കാറ്റിന്റെ കാവ്യം



കാറ്റ് വീശി പാടുന്ന ഒരു കാവ്യം,
ഓലകൾ നൃത്തമാടുന്നു ഒരുമയോടെ
പുഴ തുള്ളിമാറി പാടിയാടുന്നു സ്നേഹഗാനം
മഴത്തുള്ളികൾ മണ്ണിലേക്കു പ്രണയമൂറുന്നു
വയലിന്റെ വിളവിനു പുനർജ്ജന്മം
ജീവിതത്തിന്റെ മധുരം പകൽ
കുളിർത്തെന്നലായ് ദിവാസ്വപ്നങ്ങൾ
നീലനിശീഥിനിയുടെ നേർത്തസ്പർശം
മറവിയിലുറങ്ങുന്ന മനസ്സിനു ചൂട്
പക്ഷികൾ പറന്നു പാടുന്ന ഇടറൻഗാനം
സർവ്വംസഹയായ ഭൂമിയുടെ നിശബ്ദ ഗീതം
പ്രകൃതിയുടെ ഈ മധുരഗീതം
കാറ്റ് വീശിക്കൊണ്ടിരിക്കും
എപ്പോഴും
പലഭാവങ്ങളിൽ
ജീവിതത്തിന്റെ പടവുകൾ നിറയ്ക്കാൻ



അശ്വതി കെ വി
9A

# രണ്ടാം ജന്മം



മുഹമ്മദ് റാഷിദ്
പൂർവ്വ വിദ്യാർത്ഥി
ജി എച്ച് എസ് എസ് പെരിങ്ങോളം

വർഷങ്ങൾക്ക് ശേഷം പഴയ ഒരു കളിക്കൂട്ടുകാരനെ വീണ്ടും കണ്ടു. ഓർമ്മകളുടെ കുത്തൊഴുക്ക് സമ്മാനിച്ചാണ് അവൻ കടന്നു പോയത്.
വർഷങ്ങളുടെ പഴക്കമുണ്ട് ആ ഓർമ്മകൾക്ക്......
തുള്ളിച്ചാടി നടന്നിരുന്ന കുറുമ്പുള്ള ബാല്യത്തിന്റെ നിറമുള്ള ഓർമ്മകൾ..
എന്തോ അറിയാതെ കണ്ണൊന്ന് നിറഞ്ഞു..
.
.
വല്ല്യുമ്മയുടെ പ്രിയപ്പെട്ട പേരക്കുട്ടിയായിരുന്നു ആ ഏഴ് വയസ്സുകാരൻ
മാവിൽ കല്ലെറിഞ്ഞും ...
മതില് ചാടിയും...
കളിച്ചും മടുക്കാത്ത ബാല്യമായിരുന്നു അവന്റെ... പക്ഷെ കാലം ആ ബാല്യത്തിന് അധികം ആയുസ്സ് തന്നില്ല.



ഒരുനാൾ അവൻ വന്ന വഴിയിൽ
ചതിയൊരുക്കി കാലം വില്ലൻ ആയപ്പോൾ
ചതഞ്ഞരഞ്ഞു തീർന്നത് ചില സ്വപ്നങ്ങളും കൂടെയായിരുന്നു...

റോഡിൽ ചോരവർന്ന് അന്ന്
മരിച്ചിരുന്നെങ്കിൽ എന്ന് പിന്നീട് എത്ര വട്ടം
അവൻ കൊതിച്ചു കാണണം.. ആവോ ....
അവനേ കോരിയെടുത്ത് വല്ല്യുമ്മ അന്ന്
ഓടിയത് അവന്റെ രണ്ടാം ജന്മത്തിലേക്ക് തന്നെയാണ്...

കൈ കാണിച്ചു നിർത്താതെ പോയ ഓരോ വാഹനങ്ങളും അവന്റെ ജീവൻ പിടയുന്നത് കണ്ടു കാണില്ല...
പക്ഷെ മരണ മാലാഖയ്ക്ക് അവനെ കൊണ്ടു പോകാൻ ഉദ്ദേശമില്ലായിരുന്നു..

അവന്റെ മുന്നിൽ സ്വർഗ്ഗ വാതിലോ നരക വാതിലോ തുറന്നില്ല .

ആ ആശുപത്രി കിടക്കയിൽ കുത്തികീറിയും തുന്നിക്കെട്ടിയും അവനെ അവർ രക്ഷിച്ചെടുത്തു.. മൂന്നാം നാൾ ബോധം വന്നപ്പോൾ അവൻ എവിടെയാണെന്ന് പോലും അവന് മനസ്സിലായില്ല.. എഴുന്നേറ്റു പോകണം എന്നുണ്ട് ...സമ്മതിക്കില്ല..

അവൻ കരഞ്ഞു നോക്കും

ബാല്യത്തിന്റെ വാശി കാണിക്കും

ആരും വെള്ളം പോലും കൊടുക്കാറില്ല

അതിനും ഡോക്ടർ സമ്മതിക്കണം.. വല്ലാത്ത ദേഷ്യം വന്നുകാണണം

ആ വാർഡിൽ ഒരുപാട് കുട്ടികൾ ഉണ്ട്..
എല്ലാവരും കരയുന്നുണ്ട്..

പാവം ശരീരം ആകെ തീ പൊള്ളിയ ഒരു കുട്ടിയെ തൊട്ടടുത്ത് കാണാം ...
എനിക്ക് ഇവടന്ന് പോയാ മതി എന്നായിരുന്നു അവന്റെ മനസ്സിൽ

"അവരുടെ കരച്ചിൽ കേട്ട് സഹിക്കാൻ വയ്യാത്തൊണ്ട് " എന്ന് അവൻ കരഞ്ഞു പറയും ... അന്നൊരിക്കൽ അവൻ വല്ല്യമ്മാനോട് പറഞ്ഞു :- "ഉമ്മച്ചി.. എനിക്ക് പുതിയ ചെരുപ്പ് വാങ്ങി തരണം ട്ടൊ. ഇവിടെന്ന് ഇറങ്ങി നടക്കാനാ.."
വല്ല്യമ്മാന്റെ കണ്ണുകൾ നിറഞ്ഞു പെട്ടന്ന്...
" എന്റെ കുട്ടിക്ക് ഇനി എന്തിനാ ചെരുപ്പ്.."
പറഞ്ഞു മുഴുവൻ ആയില്ല കരച്ചിൽ പൊട്ടിക്കരച്ചിൽ ആയി..

അപ്പോഴാണ് അവൻ അവന്റെ കാലുകൾ ശ്രദ്ധിച്ചത്... അവിടെ ഒന്നുമില്ല.. എല്ലാം മുറിച്ചു മാറ്റിയേക്കുന്നു... സങ്കടം വന്നു വല്ലാത്ത സങ്കടം

അവർ എന്നോട് ചോദിച്ചത് പോലും ഇല്ലല്ലോ...
എന്റെ കാൽ അല്ലെ അവർ മുറിച്ചു കളഞ്ഞത്
എന്നോട് ചോദിക്കണ്ടേ... അവൻ മിണ്ടാതെ ഒച്ച പുറത്ത് പോലും കേൾക്കാതെ കരഞ്ഞു...




ആ കണ്ണീരിന്റെ ചൂട് അവന് അറിയാം
എന്നാലും എന്തൊക്കെ വന്നാലും
കാലത്തിന്റെ മുറിവുകൾക്ക് പുഞ്ചിരിയാൽ
മറുപടി നൽകികൊണ്ട് അവൻ ഇന്നും ആവഴി
വരാറുണ്ട്..
വിധിയെ നോക്കി ചിരിക്കാറുണ്ട്..
കരഞ്ഞതൊന്നും തന്നെ തോറ്റ് കൊടുത്തത്
കൊണ്ടല്ല.
മനുഷ്യനല്ലേ.. ചിലപ്പോ ചില നേരത്തൊക്കെ
മരവിച്ചു പോകും. എന്നാലും എന്തും
മറികടക്കാൻ ഇന്ന് അവന് പറ്റും. കാരണം തന്നെ ചേർത്ത് പിടിക്കുന്ന എത്രയെത്ര മനുഷ്യരെ അവൻ കണ്ടു...

അവന്റെ ഹൃദയത്തിന്റെ ആഴത്തിൽ അവനെ ചേർത്ത് പിടിച്ച മനുഷ്യർക്കായ് അവൻ ഇങ്ങനെ എഴുതി വെച്ചു

" എത്ര മനോഹരമായാണ് എന്റെ മനസ്സിനെ.. എന്റെ പേടികളെ..എന്റെ ഇഷ്ടങ്ങളെ എല്ലാം നിങ്ങൾ നിങ്ങളുടേത് കൂടെ ആക്കിയത്... നമ്മൾ പതിയെ പതിയെ പരസ്പരം പൊതിഞ്ഞു നിൽക്കുന്ന നല്ല മനുഷ്യരായത്...
കൂടെയുണ്ട് എന്ന തോന്നൽ എനിക്ക് അത്രയേറെ സന്തോഷം തരുന്നുണ്ട് എന്നു നിങ്ങൾ അറിഞ്ഞിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു...

എന്ന് സ്നേഹത്തോടെ റാഷി"

Muhammed Rashid
Software Developer.
Kozhikkode
MCA , CUSAT



# പ്രകൃതി

ആകാശത്തിന് ചുറ്റും നക്ഷത്രങ്ങളുടെ മേളം
മഴത്തുള്ളി പാടും നാദങ്ങളും
മഞ്ഞുതുള്ളിയുടെ മൃദുവായ സ്പർശവും
മരങ്ങളുടെ നൃത്ത താളവും
മലകൾ കേൾക്കും കാറ്റിന്റെ പാട്ടും
ഭൂമി എത്ര മനോഹരം.....
തടാകം ഒഴുകുന്ന കള കള നാദത്തിൽ
ചന്ദ്രന്റെ ചായൽ
വെളിച്ചത്തിന്റെ വള്ളികൾ വഴികാട്ടും
അരുവികൾ ചേരുന്ന പ്രകൃതിയിലേക്ക്
എല്ലാം താങ്ങി നിൽക്കുന്ന
ഭൂമി എത്ര മനോഹരം.....
കിനാവുകൾ തീർക്കും പ്രകൃതി
അമ്മയായ പ്രകൃതി
കാത്തു സംരക്ഷിക്കാം  പ്രകൃതിയെ
നല്ല നാളേയ്ക്ക് വേണ്ടി.......



അശ്വതി കെ വി
9A

# സെപ്റ്റംബറിൽ നഷ്ടപ്പെട്ട സൂര്യൻ

ഫ്ലാറ്റിലെ ഇരുണ്ട വരാന്തയിലൂടെ
പൂമുഖത്തെ ചർച്ചകളിലേക്കാണ്
ഞാൻ ഇറങ്ങിച്ചെന്നത്
ഓണമാണത്രേ....
ആഘോഷമാക്കണമെന്ന് മുത്തച്ഛൻ
മുത്തച്ഛന് ഓണം ഓർമകളുടേതാണ്
പൂവിളിയും ഉത്രാടപ്പാച്ചിലും
നിറഞ്ഞ ആ കാലത്തിന്
അതിരാണിയുടെയും മുക്കുറ്റിയുടെയും ഗന്ധമാണ്
ഇനിയൊരോണക്കാലത്ത് സമൃതികൾ പൊഴിക്കാൻ
അദ്ദേഹം ഇവിടെയുണ്ടാകില്ല
വാർദ്ധക്യം അദ്ദേഹത്തെ
വൃദ്ധാസദനത്തിൽ ഏൽപ്പിക്കുന്നു
അമ്മയ്ക്ക് ഓണം പരാതികളുടേതാണ്
അടുക്കളയിൽ പാത്രങ്ങളോട് കലഹിക്കവേ
അമ്മ പറയുന്നത് കേട്ടു
സദ്യ ഒരുക്കാൻ വയ്യത്രേ!
ഓർഡർ ചെയ്യാമല്ലോ?
ഉരുളിയും തവിയുമെല്ലാം
ആ തീരുമാനത്തെ അനുകൂലിച്ച്
കൊച്ചുശബ്ദം മുഴക്കി
അച്ഛന് ഓണം ഉത്തരവാദിത്തങ്ങളുടേതാണ്
അച്ഛൻ വാങ്ങിവന്ന മണമില്ലാത്ത പൂക്കൾ
ദൈന്യത നിറഞ്ഞ തുമ്പപ്പൂവിനെ ഓർമ്മിപ്പിച്ചു
"പൂ പറിക്കാൻ ഇനി പറമ്പിലേക്ക് ഓടേണ്ട"
അച്ഛന്റെ നിർദ്ദേശം എനിക്കുള്ളതായിരുന്നു
“മതിലുകൾ ഉണ്ടല്ലോ അച്ഛാ?
എന്നെ ഈ ഏകാന്തതയിൽ...
കരയിലേക്ക് എറിയപ്പെട്ട മത്സ്യത്തെപ്പോലെ
ആ ഹൃദയം പിടയുന്നത്
ഓരോ ഓണക്കാലത്തും നൊമ്പരമാണ്
ഓണപ്പൂക്കൾ ശവനാറിപ്പൂക്കളുടെ
ഗന്ധമാണെന്നവർ പറയുന്നുണ്ടായിരുന്നു
ഈ നഗരത്തിൽ എല്ലാവരും തിരക്കുകളിലാണ്
നിശബ്ദതയിലെ ഈ കനത്ത മൗനം
എന്നെ കീറിമുറിക്കുന്നു
എനിക്കരുകിലുള്ളവരെല്ലാം
അരൂപികളാണെന്ന് തോന്നുന്നു
മൃതിയടഞ്ഞവരും അരൂപികളാണല്ലോ
സെപ്റ്റംബറിൽ നഷ്ടപ്പെട്ട സൂര്യൻ



Model-Varsha



ABHIRAMI V
10A

# തിരയും തീരവും
# പരസ്പരം പറഞ്ഞത്

ഞാൻ നിന്നെ കാത്തിരിക്കുന്നു
നിന്റെ  സ്പർശം എന്നെ ഉണർത്തുന്നു
ഞാൻ നിന്നെ തേടിവരുന്നു
എന്റെ നൃത്തം നിനക്കായ് മാത്രം
ഓരോ തൊട്ടു പിടുത്തവും ഒരു ഗാനം
കടലിന്റെ മനസിലെ കഥാ പ്രവാഹം
തീരത്തിന്റെ ശാന്തതയും തിരയുടെ ചലനവും
ഒരു അനന്തമായ പ്രണയ ഗീതം
ഓരോ രാത്രിയിലും ഒരു പുതിയ തുടക്കം
പ്രകൃതിയുടെ കവിത
ഒരു മനോഹരമായ ദൃശ്യം



വര-ദൃശ്യ
9B



VYSHNA K
9B





Drisya

# FABRIC PAINTING





AVANI C P

10B








ANAMIKA SHYJU
8C

# പ്രണയം

നിന്നോടുള്ള പ്രണയത്താൽ
ഞാനെന്റെ കണ്ണുകൾ നിന്നിലേക്ക്
തുറന്നു വച്ചിരിക്കുന്നു
ഒരുപാടിഷ്ടമാണെനിക്ക്
വെയിലൊഴിഞ്ഞ സായന്തനങ്ങളിൽ
നിന്റെ കൈകോർത്ത് ആൾക്കൂട്ടത്തിലലിഞ്ഞുചേരാൻ
ഒരുപാടിഷ്ടമാണെനിക്ക്
നിലാവ് പെയ്യുന്ന രാത്രികളിൽ
നിന്റെ കണ്ണുകളിൽ എന്നെത്തിരയാൻ
ഒരുപാടിഷ്ടമാണെനിക്ക്
നിന്റെ പുഞ്ചിരിയിലൊളിഞ്ഞിരിക്കുന്ന
കള്ളത്തിൽ കണ്ണിമയ്ക്കാതെ നോക്കിയിരിക്കാൻ
ഒരുപാടിഷ്ടമാണെനിക്ക്
നിന്റെ ചുടുനിശ്വാസത്തിന്റെ നനുത്ത
തൂവൽസ്പർശത്തിലലിഞ്ഞില്ലാതാവാൻ
ഒരുപാടിഷ്ടമാണെനിക്ക്
നിന്റെ ഹൃദയസ്പന്ദനത്തിന്റെ
ചടുലതാളങ്ങളിൽ മുഖംചായ്ച്ചിരിക്കുവാൻ
ഒരുപാടിഷ്ടമാണെനിക്ക്
എന്റെ തിരക്കുകളിൽ കുതിച്ചും കിതച്ചും
എന്നിഷ്ടാനുസരണം ചലിക്കുന്ന നിന്നെ
ഒരുപാടിഷ്ടമാണെനിക്ക്
എന്റെ മനസ്സിടറിയപ്പൊഴൊക്കെയും
മുറിവുകളേറ്റുവാങ്ങിയ നിന്നെ
നിന്നോടുള്ള പ്രണയത്താൽ
ഞാനെന്റെ കണ്ണുകൾ നിന്നിലേക്ക്
തുറന്നു വച്ചിരിക്കുന്നു
വിപണിയിലെ പുതുമോഡലുകളിൽ കണ്ണുടക്കുമ്പൊഴും
വിട്ടുകളയാനെനിക്കു മനസ്സില്ല നിന്നെ
ആരോ ഉപയോഗിച്ചുപേക്ഷിച്ച
പഴയ വണ്ടിയാണെങ്കിലും
നീയെനിക്കത്രമേൽ പ്രിയപ്പെട്ടതാണ്






SHEENA A K
HST MATHS
GHSS PERINGOLAM

# റിയാന്റെ കിണർ

### ആസ്വാദനക്കുറിപ്പ്

ഇച്ഛാശക്തിയും ആത്മാർത്ഥമായ പരിശ്രമവുണ്ടെങ്കിൽ അസാധ്യമായി ഒന്നുമില്ല എന്ന് ലോകത്തിന് കാണിച്ചു കൊടുത്ത കാനഡയിലെ കൊച്ചുബാലൻ റിയാന്റെ ജീവചരിത്രമാണ് 'റിയാന്റെ കിണർ '. കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്ന ഏറെ പ്രചോദനാത്മകമായ ഈ ജീവചരിത്രം കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിൽ നടത്തിയ യു .പി




തലത്തിലുള്ള വായനാമത്സരത്തിന്റെ ഭാഗമായാണ് വായിക്കാനിടയായത്. അബ്ദുള്ളക്കുട്ടി എടവണ്ണ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത ഈ കൊച്ചു ജീവ ചരിത്ര ഗ്രന്ഥം മനുഷ്യന്റെ ഉള്ളിലെ നന്മയുടെ കഥ പറയുന്നു. ഏതു പ്രായക്കാരെയും സ്വാധീനിക്കുകയും ഇരുത്തിച്ചിന്തിപ്പിക്കുകയും ചെയ്യുന്ന ഈ ഗ്രന്ഥം തീർച്ചയായും നാം നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങളിൽ ഒന്നാണ്.

കാനഡയിലെ കെപ്റ്റവില്ല ഹോളി ക്രോസ് സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു റിയാൻ ഹ്രെൽജാക്ക് . ആഫ്രിക്കയിലെ ജനങ്ങൾ അനുഭവിക്കുന്ന ജീവിത ദുരിതങ്ങളെക്കുറിച്ചും ,ശുദ്ധമായ കുടിവെള്ളം കിട്ടാതെ രോഗം ബാധിച്ചു മരിക്കുന്ന ആഫ്രിക്കയിലെ നൂറു കണക്കിനു കുട്ടികളെക്കുറിച്ചുമുള്ള ക്ലാസ്സദ്ധ്യാപികയായ നാൻസി പ്രിസ്റ്റിയുടെ ചെറിയ വിവരണം ഒരു മഹാപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും വിജയഗാഥയ്ക്കും അടിസ്ഥാനമായതിന്റെ കഥ കൂടിയാണ് "റിയാന്റെ കിണർ ".

ആഫ്രിക്കക്കാരെ സഹായിക്കാനുള്ള പ്രചാരണപരിപാടിയുടെ ഭാഗമായി കുട്ടികളിൽ നിന്നും ചെറിയ ചെറിയ സംഭാവനകൾ ലഭിക്കുന്നതിനായാണ് ക്ലാസ്സദ്ധ്യാപിക ആഫ്രിക്കയിലെ കുടിവെള്ള തീഷ്ണതയും കുട്ടികളുടെ മരണവും ക്ലാസിൽ വിവരിച്ചത് . എഴുപതു ഡോളർ ഉണ്ടെങ്കിൽ അവർക്കൊരു കിണർ നിർമ്മിക്കാം എന്ന ആ അദ്ധ്യാപികയുടെ വാക്കുകൾ റിയാൻ എന്ന ഒന്നാം ക്ലാസ്സുകാരനിൽ ഉണ്ടാക്കിയ സ്വാധീനം വളരെ വലുതായിരുന്നു .

വൈകുന്നേരം വീട്ടിലെത്തിയ റിയാൻ അമ്മ സൂസനോട് ആഫ്രിക്കയിൽ കിണർ കുത്താൻ 70 ഡോളർ ആവശ്യപെടുന്നു. തമാശ രൂപത്തിൽ റിയാന്റെ ആവശ്യം കണ്ട അച്ഛനമ്മമാർ വീട്ടിലെ ജോലികൾ ചെയ്ത് പണമുണ്ടാക്കു എന്ന് ഉപദേശിച്ചു .സഹോദരങ്ങളും കൂട്ടുകാരും കളികളിൽ ഏർപ്പെടുമ്പോൾ റിയാനെന്ന ഒന്നാം ക്ലാസ്സുകാരൻ വീടിന്റെ തറ വൃത്തിയാക്കിയും ജനൽപ്പടികൾ കഴുകിയും നാണയങ്ങൾ ശേഖരിക്കുകയായിരിക്കും. ഓരോ ദിവസം കഴിയുന്തോറും റിയാൻ ഇച്ഛാശക്തിയോടെ , കാര്യഗൗരവത്തോടെ നാണയത്തുട്ടുകൾ സമ്പാദിച്ചുകൊണ്ടേയിരുന്നു. റിയാന്റെ അതീവതാല്പര്യം തിരിച്ചറിഞ്ഞ അമ്മ ബ്രെൻഡ കാമറോൺ കൗച്ച് എന്ന സുഹൃത്തിനോട് ഈ വിവരം അവിചാരിതമായി വിവരിക്കുന്നു. ആഫ്രിക്കയിലെ ജലദൗർലഭ്യം പരിഹരിക്കാൻ ഇടപെടുന്ന സംഘടനകളെക്കുറിച്ചു മനസ്സിലാക്കിയ കൗച്ച്, ഒട്ടാവ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'വാട്ടർ ക്യാൻ' എന്ന സംഘടനയുമായി ബന്ധപ്പെട്ടു. ഒരവധിക്കാലം പിന്നിട്ടു രണ്ടാം ക്ലാസ്സിലെത്തിയപ്പോഴേക്കും വീട്ടുജോലികൾ ചെയ്ത് റിയാൻ 75 ഡോളർ സമ്പാദിച്ചു കഴിഞ്ഞിരുന്നു. താൻ സമ്പാദിച്ച തുക 'വാട്ടർ ക്യാൻ ' എന്ന സംഘടനയ്ക്ക് കിണറു കുഴിക്കാൻ കൈമാറാൻ ശ്രമിച്ചപ്പോഴാണ് 2000 ഡോളറെങ്കിലും വേണമെന്ന് റിയാൻ മനസ്സിലാക്കുന്നത്. അപ്പോഴും തന്റെ ആഗ്രഹം

പൂർത്തീകരിക്കാതെ പിന്മാറാൻ കൊച്ചുറിയാൻ തയ്യാറായില്ല. ആ തുക സംഘടിപ്പിക്കാനായിരുന്നു അവന്റെ അടുത്ത ശ്രമം. റിയാന്റെ പരിശ്രമം നാട്ടിലെ ചെറിയ പത്രത്തിൽ വാർത്തയായി വരുന്നു. പിന്നീട് സുഹൃത്തുക്കളും നാട്ടും കുട്ടിയെ പിന്തുണച്ച് സഹായങ്ങൾ നൽകുന്നതും പതുക്കെ പതുക്കെ ഈ സംരംഭം മഹാപ്രസ്ഥാനമായി വളരുന്നതും ഉഗാണ്ടയിൽ ഒരു സ്കൂളിനു സമീപം റിയാൻ കിണർ കുഴിക്കുന്നതും ഉദ്ഘാടനം ചെയ്യാൻ പോകുന്നതും ഏറെ ഹൃദ്യമായി ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു.

കുടിവെള്ളം കിട്ടാക്കനിയായി ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നത് ജീവിതദൗത്യമായി സ്വീകരിച്ച റിയാൻ രൂപീകരിച്ച 'റിയാൻസ് വെൽ ഫൗണ്ടേഷൻ' എന്ന സംഘടന ഇന്ന് ടാൻസാനിയ, നൈജീരിയ, ഉഗാണ്ട, കെനിയ തുടങ്ങിയ രാജ്യങ്ങളിൽ ശുദ്ധജല പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയാണ്. എഴുന്നൂറിലധികം കിണറുകൾ അവർ നിർമ്മിച്ചു കഴിഞ്ഞു.

റിയാന്റെ കുടുംബജീവിതവും അംഗോളയിലെ സുഹൃത്ത് ജിമ്മിയുടെ ജീവിതവും വളരെ ലളിതമായി വിവരിക്കുന്ന ആ ഗ്രന്ഥം ലാളിത്യം കൊണ്ട് ഒരു കഥ വായിക്കുന്നതിനേക്കാൾ രസകരമായി അനുഭവപ്പെടുന്നതാണ്. റിയാന്റെ ഈ ജീവിതകഥ കുട്ടികളെ മാത്രമല്ല ഏതു പ്രായക്കാരെയും ഏറെ ആകർഷിക്കുന്നതും ആത്മവിശ്വാസം വളർത്തുവാൻ ഉപകരിക്കുന്നതുമാണ്.

ഹിരൺ ബി
8C



## അമേയയുടെ ചിത്രങ്ങൾ





AMEYA
8C



# കൈയ്യൊപ്പ്



വർഷ എസ് പി
9A


കഥ

“ഹൊ എന്താണൊരു വല്ലാത്ത ശബ്ദം?” അന്നുരാവിലെ കുന്നിടിച്ചുകൊണ്ട് യന്ത്രക്കൈകൾ മുന്നേറുന്ന ശബ്ദം കേട്ടിട്ടാണ് അയാൾ എഴുന്നേൽക്കുന്നത്. യന്ത്രക്കൈകൾ കുന്നിടിക്കുന്നതും മനുഷ്യത്വമില്ലാത്ത മനുഷ്യർ മരം മുറിക്കുന്നതും കണ്ടിട്ട് അയാൾക്ക് വല്ലാത്തൊരു വിഷമം അനുഭവപ്പെട്ടു. അയാൾ വേഗം ചെന്ന് മരം മുറിക്കാരോടു പറഞ്ഞു " നിങ്ങൾ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിയെ വേദനിപ്പിച്ചാൽ അത് നമ്മളെയും വേദനിപ്പിക്കും. അതിനൊരുദാഹരണമാണ് വയനാട് ദുരന്തം. പ്രകൃതി ഓരോരുത്തരുടെയും ആവാസവ്യവസ്ഥയാണ്. നിങ്ങൾ അത് നശിപ്പിക്കാൻ പാടുള്ളതല്ല". അയാൾ അത്രയൊക്കെ പറഞ്ഞിട്ടും എല്ലാവരും കല്ലുപോലെ നിൽക്കുകയാണ്. അതിൽ ഒരാൾ " താനൊന്നു പോടോ” എന്ന് വിളിച്ചുപറഞ്ഞു. അത് കേട്ട് വിഷമിച്ച് അയാൾ വീട്ടിലേക്കു വന്നു. അയാൾക്ക് ഭാര്യയില്ല. ഭാര്യ രണ്ടുവർഷം മുൻപ് മരിച്ചുപോയി. അയാൾക്ക് ഒരു മകളുണ്ട്. അവൾ ഒരു ഐ.ടി കമ്പനിയിൽ ആണ് ജോലി ചെയ്യുന്നത്. ആ രണ്ടുനില വീട്ടിൽ അയാൾ ഒറ്റയ്ക്കാണ്. ആ അച്ഛൻ വേഗം തന്നെ തന്റെ മകൾക്ക് ഒരു കത്തെഴുതി. “ മോളെ, നിനക്ക് സുഖമല്ലേ? നീ എന്നാണ് വീട്ടിലേക്ക് വരുക? കുറേ നാളായല്ലോ കത്ത് കിട്ടിയിട്ട്. ആദ്യമൊക്കെ നിന്റെ അമ്മയും ഞാനും കത്ത് വായിച്ചു മുഷിഞ്ഞിരുന്നു. പിന്നെ മോളെ, നമ്മുടെ വീടിനടുത്തുള്ള കുന്നിടിക്കുകയും മരങ്ങളൊക്കെ മുറിച്ചുകളയുകയും ചെയ്യുകയാണ്. എനിക്ക് വളരെയധികം വിഷമമുണ്ട്. നീ



പെട്ടെന്നു തന്നെ വരണം, എന്ന് നിന്റെ സ്വന്തം അച്ഛൻ, ഒപ്പ്". അയാൾ രാത്രി ഉറങ്ങാൻ കിടന്നു. ഉറക്കം വരുന്നില്ല. ഈ മാറുന്ന കാലം അയാളെ അസ്വസ്ഥനാക്കി. പിറ്റേന്ന് രാവിലെ വാതിലിൽ മുട്ടുന്നത് കേട്ടാണ് അയാൾ എഴുന്നേറ്റത്. മകളാണെന്നു കരുതി വേഗം വാതിൽ തുറന്നപ്പോൾ കണ്ടത് കുറച്ചു ഉദ്യോഗസ്ഥരെയാണ്. അവർ ചോദിച്ച ചോദ്യം അയാളെ നടുക്കിയിരുന്നു. “ഞങ്ങൾ കേന്ദ്രസർക്കാരിലെ ഉദ്യോഗസ്ഥരാണ്. ഇവിടെ ഒരു റെയിൽവേസ്റ്റേഷൻ പണിയുന്നുണ്ട്. താങ്കളുടെ വീടുള്ള ഭാഗത്താണ് റെയിൽപാളം ഞങ്ങളുടെ പ്ലാനിൽ വരച്ചിരിക്കുന്നത്. അതിന് താങ്കൾ എത്രയും പെട്ടെന്ന് ഈ വീട് മാറണം. താങ്കൾക്ക് അസൗകര്യമൊന്നുമില്ലെങ്കിൽ ഈ കടലാസിൽ ഒരു ഒപ്പിട്ടു തരണം" അയാൾ അപ്പോൾത്തന്നെ "ഞാൻ ഒപ്പിടില്ല" എന്നു മറുപടി കൊടുത്തു. അതിൽ ഒരു ഉദ്യോഗസ്ഥന് ഫോൺ എന്ന ചെകുത്താന്റെ വിളി വന്നു. അത് വേഗം ആ അച്ഛന് കൊടുത്തു. “ഇത് നിങ്ങളുടെ മകളാണ്" അയാൾ അത്

വാങ്ങിച്ചു. “മോളേ, എന്നാണ് ഇങ്ങോട്ടു വരുക? നിന്നെ കാണാൻ കൊതിയാവുന്നു. നീ ഇവർ പറയുന്നത് കേട്ടില്ലേ? ഇവർക്ക് നല്ല ചുട്ട മറുപടി നീ കൊടുത്തില്ലേ?” “അച്ഛാ അതൊക്കെ പിന്നെ പറയാം, അച്ഛൻ ആദ്യം അതിൽ ഒപ്പിട്ടു കൊടുക്കു" “മോളേ പക്ഷേ എനിക്ക് ഈ വീട്..... നിന്റെ അമ്മ ഉറങ്ങുന്ന ഈ മണ്ണ് വിട്ട് വരാൻ.....” “മരിച്ചവരൊക്കെ മരിച്ചു . ഇനി നമുക്കും ജീവിക്കണ്ടേ. എന്റെ കൈയിൽ ധാരാളം പണവും ഉണ്ട്.



അച്ഛന്റെ ഒപ്പിനു വേണ്ടി വലിയ ഉദ്യോഗസ്ഥർ വരെയെത്തി അച്ഛൻ അതിൽ ഒപ്പിടാഞ്ഞാൽ മോശമാണ്" എന്നു പറഞ്ഞ് ഫോൺ വച്ചു. അച്ഛൻ നീറുന്ന ഹൃദയത്തോടെ അതിൽ ഒപ്പിട്ടു കൊടുത്തു. അതിൽ അയാളുടെ ഒരിറ്റു കണ്ണീരും അലിഞ്ഞു ചേർന്നു. പിന്നെ അയാൾ വാതിൽ അടച്ച് വീടിന്റെ ഒരു മൂലയിൽ പോയി ഇരുന്നു. മാറുന്ന ഈ കാലം അയാളെ വല്ലാതെ അസ്വസ്ഥനാക്കിയിരുന്നു. പിന്നീട് ആ അച്ഛൻ ഒന്നും കുടിച്ചിട്ടുമില്ല കഴിച്ചിട്ടുമില്ല. അദ്ദേഹത്തിന്റെ ഉള്ള ആരോഗ്യം വച്ച് ഒരു കത്തെഴുതി അവിടെ വച്ചു. അങ്ങനെ ഒന്നര മാസം അയാൾ ഒന്നും കഴിക്കാതെയും കുടിക്കാതെയും ഇരുന്നു. അയൽക്കാർ എല്ലാവരും വീട് മാറിപ്പോയി. ഒന്നര മാസം കഴിഞ്ഞപ്പോൾ അയാളുടെ മകൾ വന്ന് കതകിൽ മുട്ടി. വാതിൽ തുറന്നില്ല. എങ്ങനെയൊക്കയോ ഉന്തിയും തള്ളിയും വാതിൽ തുറന്നപ്പോൾ കണ്ട കാഴ്ച അവളെ നടുക്കി. നല്ല ഒത്ത ശരീരവും തടിയും ഉള്ള തന്റെ അച്ഛൻ ഇപ്പോൾ ഒരു ഈർക്കിൽ പോലെ ഉണങ്ങിയിരിക്കുന്നു. അവൾ അച്ഛനോട് സംസാരിച്ചു. പക്ഷേ അച്ഛനൊന്നും മിണ്ടിയില്ല. അച്ഛന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ വരുന്നത് അവൾ ശ്രദ്ധിച്ചു. അവൾ വേഗം അച്ഛനെ എടുത്ത് അടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ ഡോക്ടർ പറഞ്ഞത് "നിന്റെ അച്ഛൻ കുറെ നാളുകളായിട്ട് ഒന്നും കഴിച്ചിട്ടില്ല. അതുകൊണ്ട് കുടൽ ചുരുങ്ങിപ്പോയിട്ടുണ്ട്. അതിനാൽ ഇനി ഒന്നും കഴിക്കാൻ പറ്റില്ല. എന്തെങ്കിലും കഴിച്ചാലല്ലേ ജീവിക്കാൻ പറ്റുള്ളൂ. ഇതിനൊരു പരിഹാരം വായിൽ കൂടെ ട്യൂബ് ഇടണം. അതിന് ഒരു തുക അടയ്ക്കേണ്ടതുണ്ട്.” “എത്ര വേണമെങ്കിലും പണം തരാം. എന്റെ അച്ഛനെ എനിക്ക് തിരിച്ചു കിട്ടണം.” എന്നു പറഞ്ഞ് അവൾ അച്ഛന്റെ അടുത്തേക്ക് പോയി. അവൾ അച്ഛനെ നോക്കി ഓരോന്ന് ആലോചിക്കാനും പറയാനും തുടങ്ങി. “എനിക്ക് ഇപ്പോൾ ജോലി കുറവാണ് . ഈ തുക അടയ്ക്കണമെങ്കിൽ ആകെയുള്ള എന്റെ ഈ സ്വർണ്ണമാല വിൽക്കണം. കേന്ദ്രഗവൺമെന്റ് പണം തരാം എന്ന് പറഞ്ഞ് ചതിക്കുകയും ചെയ്തു. അച്ഛന്റെ ഒരു വാക്ക് ഞാൻ കേട്ടിരുന്നെങ്കിൽ...... ” എങ്ങനെയോ അവൾ ആ തുക അടച്ചു. പിന്നീട് അവൾക്ക് ഡോക്ടറുടെ അടുത്ത് നിന്ന് ലഭിച്ച മറുപടി "നിന്റെ അച്ഛൻ ഈ ഭൂമി വിട്ട് പോയിരിക്കുന്നു.” എന്നായിരുന്നു. അവൾക്ക് അതു സഹിക്കാൻ കഴിഞ്ഞില്ല. അവൾ വീട്ടിൽ പോയി പൊട്ടിക്കരഞ്ഞു. ശ്മശാനത്തിൽ വച്ച് അവളുടെ അച്ഛന്റെ സംസ്കാരവും കഴിഞ്ഞു. വാടകവീട്ടിലേക്ക് മാറാൻ സാധനങ്ങൾ എടുത്തുവച്ചുകൊണ്ടിരിക്കുമ്പോൾ അതിനിടയിൽ നിന്ന് അവൾക്ക് ഒരു കത്ത് ലഭിച്ചു. “മോളേ നിന്നിൽനിന്ന് ഞാൻ ഇങ്ങനെയൊരു മറുപടി പ്രതീക്ഷിച്ചില്ല. നീ ആളാകെ മാറിപ്പോയിരിക്കുന്നു. എന്തായാലും നിന്റെ ആഗ്രഹം പോലെ

ഞാൻ ചെയ്തിട്ടുണ്ട്. ഞാൻ മരിച്ചിട്ടായിരിക്കും നീ ഈ കത്ത് വായിക്കുക. എന്റെ ഒരാഗ്രഹമെങ്കിലും നീ സാധിച്ചു തരണം. നിന്റെ അമ്മ ജീവിക്കുന്ന ഈ മണ്ണിൽ എന്നെയും സംസ്കരിക്കണം. എന്ന് നിന്റെ സ്വന്തം അച്ഛന്റെ അവസാനത്തെ കത്ത്, അവസാനത്തെ ഒപ്പ്" അച്ഛന്റെ ഒരാഗ്രഹം പോലും നിറവേറ്റാൻ കഴിയാത്ത മകൾ എന്ന് ദുഃഖിച്ചുകൊണ്ട് അവൾ കരഞ്ഞു. ആ കണ്ണീരാൽ ആ കത്തും മണ്ണോടലിഞ്ഞു ചേർന്നു.

ചിത്രങ്ങൾ- ദൃശ്യ

## LIFE

**_Now also I ask the question why?_**

***When Life pauses strange situation to sort by***
***Slowly it has sparked in the Mind's eye***
***That Life pauses countless question everyday***
***But we the humans should accept the reality***
***That life is rough and grumpy***
***Which many of us can't handle easily***
***Let it flow as it pleases happily***
***And we should just stand and watch the comedy***
***Till our roles are over***
***And our turns closes quickly***



RESMI K
HST ENGLISH
GHSS PERINGOLAM

## സ്കൂൾ കലോത്സവത്തിൽ നിന്നും





SOORIADEV D H
10B



# കറുപ്പ്

എന്തിനു കറുപ്പിനെ ഇത്ര വെറുക്കുന്നു
എന്തിനു കറുപ്പിനെ അറയ്ക്കുന്നു നിങ്ങൾ

കറുപ്പിനോടാണെനിക്കിഷ്ട്ടം
കറുപ്പിനോടാണെന്റെ പ്രണയം

കറുപ്പെന്നു കേട്ടാൽ മുഖം
കറുക്കുന്നവരോടാണെന്റെ വെറുപ്പ്
അവരോടാണെന്റെ കലിപ്പ്



വർണ്ണങ്ങൾ കാണുന്ന കണ്ണും കറുപ്പ്
രക്തം തിളയ്ക്കുന്ന കരളും കറുപ്പ്

ആദ്യമായ് നീ കയ്യിലണിഞ്ഞൊരു വളയും ,
ആദ്യമായ് നീ അരയിൽ കെട്ടിയ ന്യൂൽചരടും,
ആദ്യമായ് നീ കവിളിൽ തൊട്ടൊരു മഷിയും,
ആദ്യമായ് നീ നുണഞ്ഞ അമ്മിഞ്ഞയും....

കറുത്ത വർണ്ണത്തിലല്ലേ..
കറുത്തത് തന്നെയല്ലേ..

എന്തിനു കറുപ്പിനെ ഇത്ര വെറുക്കുന്നു
എന്തിനു കറുപ്പിനെ അറയ്ക്കുന്നു നിങ്ങൾ

കറുപ്പിനോടാണെനിക്കിഷ്ട്ടം
കറുപ്പിനോടാണെന്റെ പ്രണയം

ഞാൻ ഈ എഴുതിയ മഷിയും കറുപ്പ് ......
ഇതിലും ശ്രേഷ്ഠമായ് വർണ്ണമേതുണ്ട് ഈ പാരിൽ..
ഇനിയും വർണ്ണിക്കുവാൻ ഏറെ ഉണ്ട്..
ചൊല്ലിടാം ഇനി ഒരിക്കൽ ........
കറുപ്പിനോടാണെനിക്കിഷ്ട്ടം
കറുപ്പിനോടാണെന്റെ പ്രണയം...........



**മുഹമ്മദ് എ ഐ**

PET
GHSS PERINGOLAM

# GEOMETRIC PATTERNS




VARSHA S P
9A



DHILNA 9B





# അംഗീകാരങ്ങൾ



SS FAIR RUNNER UP



SCIENCE FAIR OVERALL





**2023-24 SSLC 100%**



ARABIC KALOLSAVAM OVERALL





# OUTGOING STUDENTS

## SSLC 2024-25



10B



10A

# LK BATCHES



2022-2025

2023-2026





2024-2027

## ഞങ്ങളും



# EDITORIAL BOARD

CHIEF EDITOR



SHEENA A K
LK MISTRESS

STUDENT EDITOR



VARSHA S P